
# ജി.എച്ച്.എസ്.എസ്.ഓച്ചിറ




# നിറകുടം

reg.no.LK/2018/41100

lk 2024
magazine

# ആമുഖം

2023-24 അധ്യയനവർഷത്തെ ജി.എച്ച്.എസ്.എസ്.ഓച്ചിറ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് മാഗസീനാണ് നിറകുടം .സ്ക്രൈബ്സ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഇത് തയ്യാറാക്കിയത് പ്രീ –പ്രൈമറി മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികളിൽ നിന്നും ശേഖരിച്ച കഥകൾ,കവിതകൾ,വായനാസ്വാദനക്കുറിപ്പുകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .വളരെ സന്തോഷത്തോടെ ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ നിർമിച്ച ഈ മാഗസിൻ ഇവർക്കുമായി സമർപ്പിക്കുന്നു.



# ജി.എച്ച്.എസ്.എസ്.ഓച്ചിറ



ഏകദേശം 130 വർഷത്തിലധികം പഴക്കമുള്ള ഈ വിദ്യാലയ മുത്തശ്ശി 1984 ൽ ഹൈസ്കൂൾ ആയും 2004 ൽ ഹയർ സെക്കന്ററി സ്കൂൾ ആയും ഉയർത്തപ്പെട്ടു
മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 3 കെട്ടിടങ്ങളിലായി 15 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് 2 കെട്ടിടത്തിലായി 8 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.
ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.







**ഫോൺ**

**0476 2694281**

**ഇമെയിൽ**

**41100kollam@gmail.com**

**സ്കൂൾ കോഡ്**

**41100**

**എച്ച് എസ് എസ് കോഡ്**

**02108**

**യുഡൈസ് കോഡ്**

**32130500701**

**വിദ്യാഭ്യാസ ഭരണസംവിധാന റവന്യൂ ജില്ല**

**കൊല്ലം**

**ഉപജില്ല**

**കരുനാഗപ്പള്ളി**

**പ്രിൻസിപ്പൽ**

**ബി.എൽ.അരുണാഞ്ചലി**

**പ്രധാന അദ്ധ്യാപകൻ**

**ജ്യോതിലാൽ ബി**

**പി.ടി.എ. പ്രസിഡണ്ട്**

**ജയകുമാർ**

ലോകസഭാമണ്ഡലം

ആലപ്പുഴ

നിയമസഭാമണ്ഡലം

കരുനാഗപ്പള്ളി

താലൂക്ക്

കരുനാഗപ്പള്ളി

ബ്ലോക്ക് പഞ്ചായത്ത്

ഓച്ചിറ

തദ്ദേശസ്വയംഭരണസ്ഥാപനം

പഞ്ചായത്ത്

വാർഡ്

1

സ്കൂൾ ഭരണ വിഭാഗം

സർക്കാർ

സ്കൂൾ വിഭാഗം

പൊതുവിദ്യാലയം

പഠന വിഭാഗങ്ങൾ

എൽ.പി,യു.പി,ഹൈസ്കൂൾ,ഹയർസെക്കന്ററി

സ്കൂൾ തലം

1 മുതൽ 12 വരെ

മാദ്ധ്യമം

മലയാളം, ഇംഗ്ലീഷ്

## ***EDITORIAL BOARD***

***CHIEF EDITOR:AMAN SAKARIA***

STAFF EDITOR:THARUN THILAK

STUDENT EDITORS:ADITHYAN.M.S AND ALIM MUHAMMED KHAIS

ART EDITOR:AJMAL SHAH

SUB EDITORS

ANAGHA

NANDHAKISHORE

MARIYAM

SIVAPRIYA

# ഉള്ളടക്കം

★ പ്രാർത്ഥനാഗീതം ..................... 7

★ അണ്ണാറക്കണ്ണാ എങ്ങോട്ടാ ? ......................... 8

★ പി.എൻ.പണിക്കർ ...................... 9

★ വായനാദിന കുറിപ്പുകൾ .................... 10

★ हमारी प्यारी अध्यापिका में ..................... 11

★ എന്റെ ഓണം ...................... 12

★ മരുഭൂമികൾ പൂക്കുമ്പോൾ ...................... 13

★ ബഷീർ ദിന കുറിപ്പ് ....................... 15

★ നമ്മുടെ നാട് ...................... 16

★ MAGIC 2024 .........................17

★ ജൈവ കൃഷി ...................... 18

★ വരച്ചിത്രങ്ങൾ ..........................19

★ ദിനാചരണങ്ങൾ .................................. 20

# പ്രാർത്ഥനാഗീതം



കാണായ ലോകങ്ങൾ കാക്കുന്ന ദേവാ

കാരുണ്യസിന്ധു നമിക്കുന്നു ഞങ്ങൾ

കാണായ  ലോകങ്ങൾ കാക്കുന്ന ദേവാ

കാരുണ്യസിന്ധു നമിക്കുന്നു ഞങ്ങൾ

കരളിന്റെ പൂക്കൾ നിൻപാദതാരിൽ

കാണിക്കവെച്ചു നമിക്കുന്നു ഞങ്ങൾ

കരളിന്റെ പൂക്കൾ നിൻപാദതാരിൽ

കാണിക്കവെച്ചു നമിക്കുന്നു ഞങ്ങൾ

ലോകാസമസ്താ സുഖിനോ ഭവന്തു

ഈ മന്ത്രമീലോകമെങ്ങും മുഴങ്ങും

ലോകാസമസ്താ സുഖിനോ ഭവന്തു

ഈ മന്ത്രമീലോകമെങ്ങും മുഴങ്ങും

വിജ്ഞാനദീപം നിറകതിർ ചൂടാൻ

നേരിന്റെ പാത നയിക്കേണമേ

ലോകാസമസ്താ സുഖിനോ ഭവന്തു

ഈ മന്ത്രമീലോകമെങ്ങും മുഴങ്ങും

ലോകാസമസ്താ സുഖിനോ ഭവന്തു

ഈ മന്ത്ര മീലോകമെങ്ങും മുഴങ്ങും


അണ്ണാറക്കണ്ണാ എങ്ങോട്ടാ

കുഞ്ഞണ്ണാനേ കുഞ്ഞണ്ണാനേ
എങ്ങോട്ടോടുന്നു
വാലും പൊക്കി വേഗത്തിൽ നീ
എങ്ങോട്ടോടുന്നു
മീശക്കാരൻ പൂച്ചക്കുട്ടൻ
പുറകേ പായുന്നോ
മാങ്ങ പഴുത്തെന്നാരോ ചൊല്ലി
കൊതിയോടോടുന്നോ
ഉണ്ണിക്കുട്ടാ മാങ്ങ പഴുക്കണ
കാലമിതായില്ല
മീശക്കാരൻ പൂച്ചക്കുട്ടനെ
കണ്ടേയില്ലല്ലോ
കൂട്ടിലിരിക്കും കുഞ്ഞുങ്ങൾക്കായ്
തീറ്റയുമയി  പോകുന്നു ഞാൻ
നേരം വൈകും മുന്നേ കൂട്ടിൽ
ചെന്നെത്തട്ടെ ഞാൻ

ദീക്ഷിത  ഡി എസ്

ജൂൺ 19

# ദേശിയ വായനാ ദിനം



പി.എൻ.പണിക്കർ

'വായിച്ചു വളരുക

ചിന്തിച്ചു വിവേകം നേടുക'

എന്ന സന്ദേശം നൽകിക്കൊണ്ടാണ് കേരള ജനതയെ

അക്ഷരങ്ങളുടെയും,വായനയുടെയും ലോകത്തേക്ക് കൈപിടിച്ച് നടത്തിയ

അതുല്യ പ്രതിഭ പി.എൻ.പണിക്കരുടെ ചരമദിനം.

പി.എൻ.പണിക്കാരോടുള്ള ആദരസൂചകമായി 1996 മുതൽ കേരളത്തിൽ


ജൂൺ 19 വായനാദിനമായി ആചരിച്ചു വരുന്നു

2017 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജൂൺ 19 ദേശിയ വായനാദിനമായി

പ്രഖ്യാപിച്ചു

# വായനാദിന കുറിപ്പുകൾ





വായിച്ചാൽ വളരും

വായിച്ചില്ലെങ്കിലും വളരും

വായിച്ചാൽ വിളയും

വായിച്ചില്ലെങ്കിൽ വളയും

-കുഞ്ഞുണ്ണിമാഷ്

# हमारी प्यारी अध्यापिका

हमें सिखाती है हिंदी
हमारी राष्ट्रभावा
पर अंदर से हैं नरम

गलती करे तो हमें है हटाती
फिर मगर प्यार से है समझाती
माँ के जैसे ममता भरी है
हमारी प्यारी अध्यापिका में

कहती हमें हैं कुछ कर ढिकाना
पढ़कर कुछ है बन ढिकाना
सही राह में है चलना
सत्य के राह में हैं आगे बड़ना

रिश्ता है सह अनोखा
शिक्षक और विद्यार्थी का
वंदन करते है हम उनको
हमारी प्यारी अध्यापिका को

BY ADITHYAN HARIKUMAR

# എന്റെ ഓണം



ഓണം വരുമ്പോൾ എനിക്ക് വളരെ സന്തോഷമാണ്.ഉത്രാട ദിവസത്തിൽ ഞാനും എന്റെ അമ്മയും അച്ഛനും കൂടി അത്തപ്പൂക്കളം ഇടും.അന്നത്തെ ദിവസം താമസിച്ചാണ് കിടക്കുന്നത് .ഞാൻ പൂത്തിരി കത്തിക്കും.മറ്റുള്ള പടക്കങ്ങൾ പൊട്ടിക്കാൻ എനിക്ക് പേടിയാണ്. അത് അമ്മയും അച്ഛനും കൂടി പൊട്ടിക്കുന്നത് ഞാൻ വളരെ സന്തോഷത്തോടെ



നോക്കി നിൽക്കും.പിറ്റേ ദിവസം തിരുവോണമാണ് രാവിലെ എഴുന്നേറ്റ് പ്രഭാതകർമ്മങ്ങളും കുളിയും കഴിഞ്ഞു പുത്തനുടുപ്പും വളയും മാലയും മുല്ലപ്പൂവുമൊക്കെ വെച്ച് ഞാൻ കാപ്പി കുടിക്കും .പിന്നെ കൂട്ടുകാരുമൊത്ത് ഊഞ്ഞാലാടുകയും കളിക്കുകയും ചെയ്യും .അപ്പോഴേക്കും അമ്മ ഉച്ചയൂണിന് വിളിക്കും .തിരുവോണദിവസം അച്ഛന്റെയും അമ്മയുടെയും വീട്ടുകാരെല്ലാം വരും.അതിന്റെ അടുത്ത ദിവസം അവിട്ട ദിനത്തിൽ ഞാനും അമ്മയും അച്ഛനും കൂടി അച്ഛമ്മ വീട്ടിലും അമ്മമ്മ വീട്ടിലും പോകും.അമ്മമ്മ വീട്ടിൽ എന്റെ മാമന്റെ മോളുണ്ട് എനിക്ക് കളിക്കാൻ അവൾ എന്റെ

മനുഷ്യബന്ധങ്ങളുടെയും സ്നേഹങ്ങളുടെയും ആഴത്തെ തന്റെ വാക്കുകളിലൂടെ ലളിതമായും സമൂഹത്തിലെ വായനക്കാരുടെ ഹൃദയങ്ങളെതൊട്ടുണർത്തുന്ന രീതിയിലും വളരെ ലാളിത്യപൂർണമായ ആവിഷ്കരണഭംഗിയോടെ ബഷീറിനെ പോലുള്ള പ്രശസ്തസാഹിത്യകാരന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ട് "എം.ൻ .വിജയൻ " പ്രസിദ്ധതികരിച്ച ഒരു ലഘുവിവരണപുസ്തകമാണ് മരുഭൂമിയിലെ പൂക്കുമ്പോൾ എന്ന ഈ പ്രസിദ്ധീകരണ പുസ്തകത്തിന്റെ ഉള്ളടക്കം .സ്വന്തം ജീവിതാനുഭവങ്ങളുടെ വന്കരകളിലൂടെ വ്രണിത പാദനായി വൈക്കം മുഹമ്മദ് ബഷീർ നടത്തിയ ദീർഘയാത്രകളും മലയാളഭാവുകത്യത്തിന് അദ്ദേഹം സമ്മാനിച്ച സർഗാത്മകമായ ഔചിത്യവും ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ് .അതുകൊണ്ട് തന്നെ മലയാളത്തിലെ പ്രശസ്ത സാഹിത്യകാരന്മാരിൽ ഒരാളായ ഈ വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രശസ്ത കൃതികളെക്കുറിച്ചും നമ്മുടെ സമൂഹത്തിലെ ഇന്നത്തെ യുവതലമുറകളിൽ സമാനമായ ഒരു അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച ഒരു സംരംഭ പ്രസ്ഥാനം എന്ന നിലയിൽ ആണ് എം.എൻ.വിജയൻ മരുഭൂമികൾ പൂക്കുമ്പോൾ എന്ന ലഘു വിവരണ പുസ്തകം പ്രസിദ്ധീകരിച്ചത് .അതുപോലെ തന്നെ ഈ ബഷീർ കൃതികളിൽ എല്ലാം തന്നെ എം.എൻ.വിജയൻ നടത്തുന്ന ഏകാന്തസഞ്ചാരങ്ങൾ മുമ്പ് കാണാത്ത ലോകങ്ങൾ നമുക്ക് കാട്ടിത്തരുന്നു .കവിയും ക്രാന്ത ദർശിയും ഉന്മാദിയും നിഷേധിയും സന്യാസിയും ഒത്തുചേരുന്ന ബഷീറിന്റെ സർഗപ്രപഞ്ചം അമ്പ ദൃശ്യമായി ചാരുതയോടെ എം.എൻ.വിജയന്റെ മരുഭൂമികൾ പൂക്കുന്നു എന്ന ഈ പ്രസിദ്ധീകരണ പുസ്തകത്തിലൂടെ ഇവിടെ അനാവരണം ചെയ്യപ്പെടുന്നു .മലയാളത്തിലെ പ്രശസ്ത സാഹിത്യകാരനായ വൈക്കം മുഹമ്മദ് ബഷീർ എന്ന മഹാനായ എഴുത്തുകാരന്റെയും മനുഷ്യന്റെയും അംശങ്ങൾ സംഗമിച്ച അപൂർവം വ്യക്തികളിൽ ഒരാളായിരുന്നു ഈ വൈക്കം മുഹമ്മദ് ബഷീർ.ബഷീറിനെ പോലെത്തന്നെ മൂലികതയുടെ സംഗീതവും മാനുഷികസ്നേഹത്തിന്റെ സ്പർശവും ഈ എം.എൻ.വിജയന്മാഷിലും നമുക്ക് കാണാനാവുന്നതാണ് .അവരവരുടേതായ അനുഭവങ്ങളുടേയും ഭാവനയുടെയും മണ്ഡലത്തെയാണ് ഓരോ എഴുത്തുകാരനും അവരുടെ പുസ്തകങ്ങളിൽ ചിത്രീകരിക്കുക അതുപോലെ മറ്റുസാഹിത്യക്കാരേക്കാൾ എത്രയോ

വിപുലവും തീക്ഷണവുമായ ജീവിതാനുഭവങ്ങൾ ബഷീറിനുണ്ട് എന്ന് എടുത്തുപറയാൻ കാരണം ബഷീർ എന്ന സാഹിത്യകാരൻ ഇപ്പോഴും ഒരു കുടുംബ രംഗത്തിൽ വെച്ച്

ഒരു വ്യവസ്ഥയുടെ വൈരുധ്യങ്ങൾ അതിനെത്തന്നെ എങ്ങനെ തകർക്കുന്നു എന്ന് ബഷീർ എന്ന സാഹിത്യകാരൻ നമുക്ക് കാണിച്ചുതരുന്നു അങ്ങനെ ചെയുമ്പോൾ എന്താണ് അത്യന്തികമായ നന്മയും എന്താണ് അകൈതമായ നീതിയും എന്ന മൗലികമായ ചോദ്യങ്ങൾ ഉന്നയിക്കുന്നതുകൊണ്ടാണ് ബഷീർ മനസുകളിലെ മനസ്കിയുടെ മുഴക്കമായിത്തീർന്നത് ഇതിൽ നിന്ന് മനസിലാവുന്ന ഒരു വസ്തുത എന്ന് പറയുന്നത് ബഷീർ ഇപ്പോഴും കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടാണ് തന്റെ സാഹിത്യ കൃതികൾ എല്ലാം തന്നെ എഴുതിയത് എന്നതാണ് ആക്കുകൊണ്ട് തന്നെ അനാഥദയിൽ ഏകാകിയാക്കപ്പെട്ട ഒരു മനുഷ്യന്റെ ചായ ബഷീറിന്റെ മിക്യകഥാപാത്രങ്ങൾക്കുമുണ്ട് ബഷീർ എന്ന സാഹിത്യകാരനുമുണ്ട് ആ ഒരു ഏകാന്തതക്ക് ഉത്തമമായൊരു ഉദാഹരണമാണ് ബഷീറിന്റെ ബാല്യകാലസഖിയിലെ ഈ സംഭാഷണശൈലി "പോടാ പോ "രാജ്യയൊക്കെ ചുറ്റി ഒന്ന് പേടിച്ചിട്ടു വാ മനസ്സിലായോ -ഇല്ല ""പോ "എന്ന് തുടങ്ങുന്ന ശബ്ദം ലോകത്തിന്റെ അറ്റം വരെ മജീദിനെ ഓടിക്കുവാൻ പര്യാപ്തമായിരുന്നു ബഷീറിന്റെ "ബാല്യകാലസഖി"ലെ സംഭാഷണരംഗം മനുശ്യാമനസുകളുടെ ഓർമയുടെ അറകളിലും മറ്റിടങ്ങളിലും ബഷീർ വീണ്ടും സാക്ഷ്യപെടുത്തുന്നുണ്ട് സാമൂഹിക ചിന്തകൻ എം .എൻ വിജയൻറെ ബഷീർ പഠനം നിരീക്ഷണത്തിന്റെ മൗലികതയും ആവിഷ്കരണത്തിന്റെ കാവ്യറ്മാറ്റയും വഴി ബഷീർ പഠനത്തിന് പുറിയോരുമനംനൽകുന്ന വിമർശന ഗ്രന്ഥമാണ് എം .എൻ വിജയൻറെ മരുഭൂമികൾ പൂക്കുമ്പോൾ എന്ന ഈ പ്രസിദ്ധീകരണ പുസ്തകത്തിന്റെ ഉള്ളറകളിൽ തെളിഞ്ഞുനിൽകുന്നത് എന്ന ഒരു വസ്തുത എനിക്ക് ഈ വായന കുറിപ്പ് വായിച് എഴുതിയതിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു

BY NILA.V.RAJ

# ബഷീർ ദിന കുറിപ്പ്



മലയാള നോവലിസ്റ്റും, കഥാകൃത്തും, സ്വാതന്ത്ര്യസമര പോരാളിയുമായിരുന്ന .വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമദിനമായ ജൂലൈ 5 ആണ് ബഷീർ ദിനമായി നാം ആചരിക്കുന്നത് .1908 ജനുവരി 21 ന് കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്ത തലയോലപ്പറമ്പിലായിരുന്നു അദ്ദേഹത്തിന്റെ ജനനം .സ്കൂൾ പഠനകാലത്ത് കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത് കുറെ വർഷങ്ങൾ ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും അലഞ്ഞുതിരിഞ്ഞു മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും നേരിട്ടുകണ്ടു .ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം .വളരെ കുറച്ചുമാത്രം എഴുതിയിട്ടും ബഷീറിയനിസം അല്ലെങ്കിൽ ബഷീർ സാഹിത്യം എന്നത് മലയത്തിലെ ഒരു സാഹിത്യ ശാഖയായി മാറി ഹാസ്യം കൊണ്ട് അദ്ദേഹം വായനക്കാരെ ചിരിപ്പിച്ചു കൂടെ കരയിപ്പിക്കുകയും ചെയ്തു .സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന ജയിൽപ്പുള്ളികളും, ഭിക്ഷക്കാരും ,വേശ്യകളും,പട്ടിണിക്കാരും അദ്ദേഹത്തിന്റെ കഥാപാത്രങ്ങളായി .1993ൽ മുട്ടത്തുവർക്കി അവാർഡും വള്ളത്തോൾ പുരസ്കാരവും ലഭിച്ചു .1994 ജൂലൈ 5ന് ബഷീർ ഈ ലോകത്തോട് വിടപറഞ്ഞു.



# നമ്മുടെ നാട്

അങ്ങ് ദൂരെ ഒരു ദേശത്ത് രണ്ട് മേശരിമാരുണ്ടായിരുന്നു .അവർക്ക് പട്ടാളക്കാരാകാന് ആയിരുന്നു ആഗ്രഹം .അങ്ങനെ പരീക്ഷക്കുള്ള അപേക്ഷ അയച്ചു .പരീക്ഷ എഴുതാന് വേണ്ടി അവർ പോയി .റിസൾട്ട് വന്നപ്പോൾ പരീക്ഷക്ക് തോറ്റു .അവരെ നാട്ടുകാർക്ക് വളരെ ഇഷ്ടമായിരുന്നു .അവർ ആശുപത്രിയിൽ പോയി രക്തദാനം ചെയ്യുമായിരുന്നു .അവർ അതുകാരണം അവരെ എല്ലാവരും ഇഷ്ടപ്പെട്ടിരുന്നു .അടുത്ത പരീക്ഷ എഴുതാന് അവർ പോയി .റിസൾട്ട് വന്നപ്പോൾ അതിൽ ഞാൻ വിജയിച്ചു .ഒഴാഴ്ച കഴിഞ്ഞപ്പോൾ ജോലിക്ക് കയറാനുള്ള ഓർഡർ വന്നു .അങ്ങനെ അവർ ജോലിക്ക് കയറി .പാകിസ്ഥാനിൽ നിന്ന് ആക്രമണം വന്നു അതിൽ അവർ ജയിച്ചു .അങ്ങനെ അവർ ജോലിയിൽ നിന്ന് വിരമിച്ചു സ്വന്തം നാട്ടിൽ ഭൂകമ്പം ഉണ്ടായപ്പോൾ രക്ഷാപ്രവർത്തനം നടത്തി ഒരുപാട് പേരുടെ ജീവൻ രക്ഷിച്ചു .അങ്ങനെ നാട്ടുകാർ അവരോട് നന്ദി പറഞ്ഞു .ആ നാട്ടിലെ ജനങ്ങൾ പ്ലാസ്റ്റിക്കും മാലിന്യങ്ങളും പുറത്ത് നിക്ഷേപിക്കുമായിരുന്നു .അങ്ങനെ ചെയ്യരുതെന്ന് നാട്ടുകാർക്ക് മുന്നറിയിപ്പ് കൊടുത്തു .ഇവിടെ മാലിന്യങ്ങൾ നിക്ഷേപിക്കരുത് എന്നൊരു ബോർഡും വെച്ചു .നമ്മുടെ നാട് ശുചിത്വമുള്ള നാട് ആക്കാന് പ്രതിജ്ഞ എടുത്തു ആ നാട് നല്ലതായി .അവരെല്ലാവരും സന്തോഷത്തോടെ കഴിഞ്ഞു

BY MUHAMMED AMEEN.N



# MAGIC 2024

1=(2+0+2)/4

2=2+0 x 2x 4

3=-(2 x 0 x 2)!+4

4=2 x0 x 2+4

5=(2 x 0 x 2)!+4

6=(20/2)-4

7=2+(0 x 2)!+4

8=2+0+2+4

9=2-0!+2 x 4

10=2+0+2 x 4

11=2+0!+(2 x 4 )

12=20-2 x 4

# ജൈവ കൃഷി





# വരച്ചിത്രങ്ങൾ





# ദിനാചരണങ്ങൾ


കേരള നിയമസഭ
അന്താരാഷ്ട്ര
പുസ്തകോത്സവം
രണ്ടാം പതിപ്പ് | 2023 നവംബർ 1-7
KERALA
LEGISLATIVE
ASSEMBLY


OPPO A77s
AshaAshok


62-ാമത് കേരള സ്കൂൾ കലോത്സവം
മാതൃഭൂമി
OPPO A77s
AshaAshok

# OCTOBER 16 WORLD FOOD DAY






# FOOD FEST 2K23



GHSS OACHIRA

# INDEPENDENCE DAY 2K23





JANUARY 26 REPUBLIC DAY 2K24












GHSS OACHIRA

# ORANGE DAY CELEBRATION




## CYCLE RALLY



ഞങ്ങളുടെ ഈ ലിറ്റിൽ കൈറ്റ്സ്
മാഗസീൻ പ്രവർത്തനങ്ങളിൽ
സഹകരിച്ച എല്ലാവർക്കും നന്ദി

